**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4015** **09-08-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിൽ എവിടെയെല്ലാമാണ്പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികൾ നടന്നുവരുന്നത്; വിശദമാക്കാമോ; | (എ) | കുടുംബാരോഗ്യകേന്ദ്രം അരിക്കുളം, കൊയിലാണ്ടി താലൂക്ക് സപ്ലൈ ഓഫീസ്, ചെറുവണ്ണൂർ വില്ലേജ് ഓഫീസ്, താലൂക്ക് ആശുപത്രി കൊയിലാണ്ടി, ജെ.എഫ്.സി.എം കോടതി, എസ്.എ.ആർ.ബി.ടി.എം കോളേജ് മുചുകുന്ന്, കൊയിലാണ്ടി മുനിസിപ്പാലിറ്റി, കോടതി സമുച്ചയം, സബ് ജയിൽ കൊയിലാണ്ടി എന്നിവിടങ്ങളിൽ പൊതുമരാമത്ത് വൈദ്യുതീകരണ അനുബന്ധ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | ഏതൊക്കെ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്; ഏതെങ്കിലും പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുവാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ ടെണ്ടറുകളൊന്നും ചെയ്തിട്ടില്ല. വാർഷിക പദ്ധതി 2018-19-ൽ ഉൾപ്പെട്ട ഗവൺമെന്റ് എൽ.പി.സ്കൂൾ കോതമംഗലത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം സാങ്കേതികാനുമതി നൽകിയിട്ടില്ല. അതുപോലെ എൽ.എ.സി-എ.ഡി.എസ് 2017-18-ൽ ഉൾപ്പെട്ട കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വൻമുഖം സ്കൂളിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറാകാത്തതിനാൽ സാങ്കേതികാനുമതി നൽകിയിട്ടില്ല. |
| (സി) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേക്കായി 250 കെ.വി.എ. വൈദ്യുതി സപ്ലൈ ലഭ്യമാക്കാൻ വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ 160 കെവിഎ ട്രാൻസ്ഫോമറും 125 കെവിഎ ജനറേറ്ററും 2018-ൽ പൊതുമരാമത്ത് വൈദ്യുതി വിഭാഗം മുഖേന സ്ഥാപിച്ചിട്ടുണ്ട്. 250 കെവിഎ ജനറേറ്ററിനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും കെ.എസ്.ഇ.ബി യുടെ വൈദ്യുതബിൽ പരിശോധിച്ചപ്പോൾ 78 കെവിഎ മാത്രമാണ് മാക്സിമം ഡിമാന്റായി വരുന്നത് എന്നു കാണുകയുണ്ടായി. നിലവിലെ 160 കെവിഎ തന്നെ വൈദ്യുതിഭാരം താങ്ങാൻ പ്രാപ്തമാണ് |

| | | | |
|---|---|---|---|
| | | | എന്നതിനാൽ എസ്റ്റിമേറ്റ് നടപടികളുമായി മുന്നോട്ട് പോയിട്ടില്ല. |
| (ഡി) | മണ്ഡലം പരിധിയിലെ ഏതെല്ലാം കെട്ടിടങ്ങളുടെ വൈദ്യുതീകരണമാണ് ഫണ്ടിന്റെ അപര്യാപ്തത മൂലം പൂർത്തീകരിക്കാതെ അവശേഷിക്കുന്നതെന്ന് വിശദീകരിക്കാമോ? | (ഡി) | 1. 2020/3334- വാർഷിക പദ്ധതി 2018-19 ഗവൺമെന്റ് എൽ.പി.സ്കൂൾ കോതമംഗലത്തിന്റെ വൈദ്യുതീകരണത്തിന് ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 2. S.A.R.B.T.M കോളേജിലെ മെൻസ് ഹോസ്റ്റലിന്റെ വൈദ്യുതീകരണ പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ